പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2427 19.03.2015-ൽ മറുപടിക്ക്

## കായംകുളം താലൂക്കാശുപത്രിയിൽ സർജൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.സദാശിവൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കായംകുളം താലൂക്കാശുപത്രിയിൽ സർജനെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായി; വിശദമാക്കാമോ; | (എ) കായംകുളം താലൂക്കാശുപത്രിയിൽ സർജന്റെ തസ്തിക നിലവിലില്ല. കായംകുളം താലൂക്കാശുപത്രിയിൽ സർജൻ ഉൾപ്പെടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചെങ്കിലും ടി പ്രൊപ്പോസലിലെ തസ്തികകൾ 226 എണ്ണം ആയതിനാൽ അത്യാവശ്യം വേണ്ട തസ്തികകൾ ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാർ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. |
| (ബി) കായംകുളം താലൂക്കാശുപത്രിയിൽ ട്രോമാകെയർ, ഡയാലിസിസ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) കാരുണ്യ ബനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ട്രോമാ കെയർ യൂണിറ്റിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ